# സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(സാന്നിദ്ധ്യം : ശ്രീമതി. അനുപമ.T.V. IAS)

തിരുവനന്തപുരം

ഉത്തരവ് നം.H1/29658/16 തീയതി:15..2..2017

====================================================================================

വിഷയം :- സാമൂഹ്യനീതി വകുപ്പ് - M.R., ഓട്ടിസം, സെറിബ്രൽ പാൾസി, ബഹുവിധ വൈകല്യം എന്നിവ ബാധിച്ചവരുടെ കുടുംബങ്ങളിലെ രക്ഷിതാക്കൾക്കുള്ള ഏകദിന ബോധവത്ക്കരണം - തുക അനുവദിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്.

പരാമർശം :- സ.ഉ.(ആർ.റ്റി) നം.14/2017/സാനീവ തീയതി: 12..1..2017

മാനസിക വൈകല്യം, ഓട്ടിസം, സെറിബ്രൽ പാൾസി, ബഹുവിധ വൈകല്യം എന്നിവ ബാധിച്ചവരെ വീടിനുള്ളിൽ തന്നെ ഒതുക്കി നിർത്താതെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ ഇത്തരം വൈകല്യം ബാധിച്ചവരുടെ കുടുംബങ്ങളിലെ രക്ഷിതാക്കൾക്ക് ബോധവത്ക്കരണ ക്ലാസ്സുകൾ നൽകുന്നതിനായി മേൽ പരാമർശ പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിരിക്കുന്നു.

ഈ പദ്ധതി കേരളത്തിലെ 14 ജില്ലയിലും പരിധിയിലുമുള്ള 258 ICDS -കൾ മുഖേന നടപ്പിലാക്കേണ്ടതാണ്. ഓരോ ICDS ലെയും ശിശുവികസന പദ്ധതി ഓഫീസർമാർ സൂപ്പർവൈസർമാർ മുഖേന ഇത്തരം കുടുംബങ്ങളെ കണ്ടെത്തുന്നതിനുള്ള നിർദ്ദേശം അംഗൻവാടി വർക്കർമാർക്ക് നൽകേണ്ടതും ഇത്തരത്തിൽ കണ്ടെത്തുന്ന കുടുംബങ്ങളിലെ രക്ഷിതാക്കളെ നിർബന്ധമായും ഈ ബോധവത്ക്കരണ പരിപാടിയിൽ പങ്കെടുപ്പിക്കേണ്ടതുമാണ്.

നിലവിലെ സാഹചര്യത്തിൽ ICDS ഒന്നിന് 16750/- രൂപ ക്രമത്തിൽ വകുപ്പിൻ കീഴിൽ 14 ജില്ലകളിലായി പ്രവർത്തിക്കുന്ന 258 ICDS കൾക്കുമായി നൽകുന്നതിന് ജില്ലാസാമൂഹ്യനീതി ഓഫീസർമാർക്ക് അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

| ക്രമ നം. | തുക അനുവദിക്കുന്ന ജില്ല | ഓരോ ജില്ലയിലുമുള്ള ICDS കളുടെ എണ്ണം | DSJO മാർക്ക് അനുവദിക്കുന്ന തുക |
|---|---|---|---|
| 1 | തിരുവനന്തപുരം | (24 x Rs.16750) | 402000/- |
| 2 | കൊല്ലം | (21 x Rs.16750) | 351750/- |
| 3 | പത്തനംതിട്ട | (12 x Rs.16750) | 201000/- |
| 4 | ആലപ്പുഴ | (15 x Rs.16750) | 251250/- |
| 5 | കോട്ടയം | (15 x Rs.16750) | 251250/- |
| 6 | ഇടുക്കി | (13 x Rs.16750) | 217750/- |
| 7 | എറണാകുളം | (23 x Rs.16750) | 385250/- |
| 8 | തൃശൂർ | (23 x Rs.16750) | 385250/- |
| 9 | പാലക്കാട് | (21 x Rs.16750) | 351750/- |

| | | | |
|---|---|---|---|
| 10 | മലപ്പുറം | (29 x Rs.16750) | 485750/- |
| 11 | കോഴിക്കോട് | (21 x Rs.16750) | 351750/- |
| 12 | വയനാട് | (8 x Rs.16750) | 134000/- |
| 13 | കണ്ണൂർ | (21 x Rs.16750) | 351750/- |
| 14 | കാസർഗോഡ് | (12 x Rs.16750) | 201000/- |
| | ആകെ | | 4321500/- |

(നാല്പത്തിമൂന്ന് ലക്ഷത്തി ഇരുപത്തി ഒന്നായിരത്തി അഞ്ഞൂറ് രൂപ മാത്രം)

ടി പദ്ധതി നടത്തിപ്പിനായി ചിലവാകുന്ന തുക നടപ്പു സാമ്പത്തിക വർഷത്തെ 2235-60-200-83(P) എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്. പ്രസ്തുത തുക ജില്ലാസാമൂഹ്യനീതി ഓഫീസർമാർ ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർമാർക്ക് എത്രയും വേഗം നൽകേണ്ടതും, ശിശുവികസന പദ്ധതി ഓഫീസർമാർ ടി തുക മാറി ബോധവൽക്കരണ ക്ലാസ്സുകൾ മാർച്ച് 15 -ന് മുമ്പ് സംഘടിപ്പിക്കേണ്ടതും, ധനവിനിയോഗ സർട്ടിഫിക്കറ്റ്, എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ മാർച്ച് 20 ന് മുമ്പായി ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് സമർപ്പിക്കേണ്ടതുമാണ്.

ഒപ്പ്
സാമൂഹ്യനീതി ഡയറക്ടർ

എല്ലാ DSJO മാർക്കും

<u>പകർപ്പ്:</u>

1. എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും
2. സൂപ്രണ്ട് എ സെക്ഷൻ
3. സ്റ്റോക്ക് ഫയൽ/ സ്പെയർ.

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്

*NA/2017 (D)*